17 (*432) പട്ടികസമുദായത്തിൽപ്പെട്ടവർക്കുള്ള ധനസഹായം

ശ്രീ. പി.സി. ജോർജ്ജ് :

ഡോ. കെ.സി. ജോസഫ് :

ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സമുദായ ക്ഷേമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികസമുദായത്തിൽപ്പെട്ടവർക്ക് കിണർ കുഴിക്കുന്നതിന് ധന സഹായം നൽകുവാൻ പദ്ധതിയുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) പല പട്ടികജാതി പട്ടികവർഗ്ഗ കോളനികളിലും ശുദ്ധജലക്ഷാമം അനുഭവപ്പെടുന്നുണ്ടോ;

(സി) മലിനജലം ഉപയോഗിക്കുന്നതുമൂലം കോളനികളിൽ പകർച്ച വ്യാധികൾ പടർന്നു പിടിക്കുന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ശുദ്ധജലക്ഷാമം പരിഹരിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്ക്കരിക്കുമോ;

(ഇ) ഇവിടങ്ങളിൽ പുതിയ കിണറുകൾ നിർമ്മിക്കുന്നതിനും പൈപ്പുലൈനുകൾ എത്തിക്കുന്നതിനും മുൻഗണന നൽകുമോ?

പിന്നോക്ക പട്ടികസമുദായക്ഷേമവകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) :

(എ) ഉണ്ട്. പട്ടികജാതി വികസന വകുപ്പിൽ കിണറും കുടിവെള്ളവിതരണവും എന്ന പദ്ധതി നിലവിലുണ്ട്. ഗ്രാമവികസന വകുപ്പിന്റെ ദശലക്ഷം കിണർ പദ്ധതിയും നിലവിലുണ്ട്. കൂടാതെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ജനകീയാസൂത്രണ പദ്ധതിയിൽ കിണർ കുഴിക്കുന്നതിന് ധനസഹായം നൽകുന്നുമുണ്ട്.

(ബി) ഉണ്ട്.

(സി) ചില പ്രദേശങ്ങളിൽ ഒറ്റപ്പെട്ട സംഭവങ്ങൾ ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

(ഇ) കിണറുകൾ നിർമ്മിക്കുന്നതിനും പൈപ്പുലൈനുകൾ എത്തിക്കുന്നതിനും മുൻഗണന നൽകുന്നുണ്ട്.

18 (*433) ആദിവാസി കുടുംബങ്ങളുടെ ജീവിത നിലവാരം മെച്ചപ്പെടുത്താൻ നടപടി

ശ്രീ. ടി.എസ്. ജോൺ :

ശ്രീ. ആന്റണി രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സമുദായ ക്ഷേമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വന പ്രദേശങ്ങളിൽ, സെറ്റിൽമെന്റ് കോളനികളിലല്ലാതെ എത്ര ആദിവാസി കുടുംബങ്ങൾ താമസിക്കുന്നുവെന്ന് കണക്കാക്കിയിട്ടുണ്ടോ;

(ബി) ഇവരുടെ ജീവിത നിലവാരത്തെപ്പറ്റി പഠനം നടത്തുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(സി) ഇവരെ പുനരധിവസിപ്പിക്കുന്നതിനെപ്പറ്റി സർക്കാർ ആലോചിച്ചിട്ടുണ്ടോ; എങ്കിൽ നാളിതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly